**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5476** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് - മംഗലാപുരം റൂട്ടിലെ ബസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരള കർണ്ണാടക ഇന്റർ സ്റ്റേറ്റ് എഗ്രിമെന്റ് പ്രകാരം എത്ര ബസ്സുകളാണ് കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സർവീസ് നടത്തേണ്ടത് എന്ന് വ്യക്തമാക്കാമോ; ഇപ്പോൾ എത്ര ബസ്സുകൾ എത്ര ട്രിപ്പ് സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കർണ്ണാടക ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് പ്രകാരം കാസർഗോഡ് - മംഗലാപുരം റൂട്ടിൽ 45 സർവ്വീസുകളാണ് പ്രതിദിനം ഓപ്പറേറ്റ് ചെയ്യേണ്ടത്. ഇതിൽ 38 സർവ്വീസുകളിലായി 224 ട്രിപ്പുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത എഗ്രിമെന്റ് പ്രകാരം കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സർവീസ് നടത്താനാവശ്യമായ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | അന്തർ സംസ്ഥാന കരാർ പ്രകാരം കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സർവീസ് നടത്താനാവശ്യമായ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ ലഭ്യമാണ്. |
| (സി) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. യിൽ ബദലി തൊഴിലാളി നിയമനത്തിൽ സീനിയോറിറ്റി മറികടന്ന് നിശ്ചിത യോഗ്യത ഇല്ലാത്തവരെ നിയമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. അന്വേഷണത്തിനായി കെ.എസ്.ആർ.റ്റി.സി.യുടെ ആഭ്യന്തര വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കാസർഗോഡ് ഡിപ്പോയിൽ കോവിഡിന് മുൻപ് ഉണ്ടായിരിന്ന എല്ലാ സർവീസും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ എന്നും എത്ര സർവീസ് ഇനിയും പുനരാരംഭിക്കാനുണ്ട് എന്നും വ്യക്തമാക്കാമോ? | (ഡി) | ഇല്ല. കോവിഡ് സാഹചര്യത്തിൽ നിന്നുപോയ സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>കാസർഗോഡ്</u>

1. 05.30 പുത്തൂർ
2. 06.20 സുള്ള്യ
3. 11.05 ചിറ്റാരിക്കൽ
4. 11.20 മംഗലാപുരം
5. 12.35  മാനസ
6. 12.15 കാട്ടുകുക്കെ
7. 13.05 നീലേശ്വരം (stay)
8. 14.00 മംഗലാപുരം-നിലേശ്വരം (stay)
9. 17.00 ജനശതാബ്ദി
10. 12.00 അഡൂർ - മംഗലാപുരം
11. 13.20 ചീക്കാട് - മംഗലാപുരം
12. 13.00 ചെറുപുഴ